**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4685** **13-03-2023 - ൽ മറുപടിയ്ക്ക്**

**തർക്കം പരിഹരിക്കാൻ സംയുക്ത പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കർഷകരും വനം വകുപ്പും തമ്മിൽ തർക്കമുള്ള പ്രദേശങ്ങളിൽ റവന്യൂ വനം വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | വനവും സ്വകാര്യ പട്ടയ ഭൂമിയുമായി വരുന്ന പ്രദേശങ്ങളിൽ തർക്കം ഉണ്ടെങ്കിൽ നിലവിലുള്ള നിയമങ്ങളും സർവ്വേ റിക്കാർഡുകളും സർക്കാർ ഉത്തരവുകൾ പ്രകാ രവും സംയുക്ത പരിശോധന നടത്തുന്നതിന് തടസ്സങ്ങൾ ഇല്ല. എന്നാൽ സംയുക്ത പരിശോധ 01.01.1977-ന് മുൻപുള്ള കൈയ്യേറ്റങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ഒരിക്കൽ മാത്രം നടത്തിയ ഒരു പ്രവർത്തിയാണ്. കേന്ദ്ര സർക്കാർ എഫ്.സി ആക്ട്, 1980 പ്രകാരം പരിശോധിച്ച് സാധൂകരണം നൽകിയിട്ടുള്ള വനഭൂമിയല്ലാതെ യാതൊരുവിധ കൈയ്യേറ്റങ്ങളും ബഹു. സുപ്രീം കോടതിയുടേയും കേരള ഹൈക്കോടതിയുടേയും ഉത്തരവ് പ്രകാരം അല്ലാതെ സാധ്യമല്ലാത്തതും മറ്റ കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടതുമാണ്. തർക്കമുണ്ടായിരുന്ന പ്രദേശങ്ങളിൽ എല്ലാം വീണ്ടും സംയുക്ത പരിശോധന എന്ന ആവശ്യം കൂടുതൽ വനം കൈയ്യേറ്റത്തെ പ്രോത്സിഹിപ്പിക്കും എന്നതിനാലും ആയത് ബഹുമാനപ്പെട്ട കോടതികൾ തടഞ്ഞിട്ടുള്ളതുകൊണ്ടും നിയമപരമായി നിലനിൽക്കുന്നതല്ല. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ സംയുക്ത പരിശോധന നടത്തുന്നതിനും വിഷയം ശാശ്വതമായി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ